## നീര സംസ്കരണത്തിന് 12 പദ്ധതി

# 88 കോടിയുടെ നാളികേരോത്പന്ന പദ്ധതികൾക്ക് അനുമതി

**കൊച്ചി:** നാളികേരോത്പന്നങ്ങളുടെ നിർമാണം, സംസ്കരണം, ഗവേഷണം, വിപണനം എന്നിവക്കായി 88 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചു. നീര സംസ്കരണത്തിനുള്ള 12 എണ്ണം ഉൾപ്പെടെ 30 പദ്ധതികൾക്കാണ് അനുമതി. 11.15 കോടി രൂപയുടെ സബ്സിഡിയും ഉണ്ട്. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് അധ്യക്ഷനായ കമ്മിറ്റി വിശകലനം നടത്തിയശേഷമാണ് പദ്ധതികൾക്ക് അനുമതി നൽകിയത്.

മൂന്ന് ഗവേഷണ പദ്ധതി, തെങ്ങിൻെറ രോഗകീട നിയന്ത്രണത്തിനുള്ള ഒരു പദ്ധതി, ടെക്നോളജി മിഷൻ പദ്ധതിയുടെ കീഴിൽ നാളികേര സംസ്കരണത്തിനും ഉത്പന്ന വൈവിധ്യവത്കരണത്തിനും വേണ്ടിയുള്ള 26 പദ്ധതികളാണുള്ളത്.

മൂന്ന് ഇൻറഗ്രേറ്റഡ് കോക്കനട്ട് പ്രോസസിങ് യൂണിറ്റുകൾ, ആറ് ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ നിർമാണ യൂണിറ്റുകൾ, ഒരു കോക്കനട്ട് ചിപ്സ് യൂണിറ്റ്, ഒരു ഉണ്ടക്കൊപ്ര യൂണിറ്റ്, രണ്ട് ചിരട്ടക്കരി യൂണിറ്റ്, ഒരു ചിരട്ടക്കരി പൊടി (ഉത്തേജിത കരി) യൂണിറ്റ് എന്നിവയുമാണ് നാളികേര സംസ്കരണത്തിനും ഉത്പന്ന വൈവിധ്യവത്കരണത്തിനുമായി അനുമതി നൽകിയത്.

സംസ്ഥാനത്ത് നീര ഉത്പാദനത്തിനായി പദ്ധതി സമർപ്പിച്ചിട്ടുള്ളതും ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 12 നാളികേര ഉത്പാദക കമ്പനികൾക്കും നീര ഉത്പാദനത്തിനും സംസ്കരണത്തിനും വിവിധ നീരയധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനുമായുള്ള മറ്റ് പദ്ധതികൾക്കുമായി 6 കോടി രൂപയുടെ സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. ഈ യൂണിറ്റുകളിൽ നിന്ന് പ്രതിദിനം 1.47 ലക്ഷം ലിറ്റർ നീരയുത്പാദനമാണ് പ്രതീക്ഷിക്കുന്നത്.

കേരളത്തിൽ 12 നീര സംസ്കരണ യൂണിറ്റിനും 3 ഇൻറഗ്രേറ്റഡ് കോക്കനട്ട് പ്രോസസിങ് യൂണിറ്റുകൾക്കും പ്രതിദിനം 25,000 നാളികേരം സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള ഒരു ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റിനും അനുമതി ലഭിച്ചു. പ്രതിദിനം 2000 നാളികേരം സംസ്കരിക്കാൻ ശേഷിയുള്ള ചിപ്സ് യൂണിറ്റിനും 310 ക്വിൻറൽ നാളികേരം സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള ഒരു ഉണ്ടക്കൊപ്ര യൂണിറ്റിനും അനുമതി നൽകിയിട്ടുണ്ട്.

പ്രതിദിനം യഥാക്രമം 10,000, 32,000 നാളികേരം വീതം സംസ്കരിച്ചെടുക്കാവുന്ന 2 ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകൾക്കും പ്രതിദിനം 3,600 ടൺ ആക്ടിവേറ്റഡ് കാർബൺ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു ചിരട്ടപ്പൊടി യൂണിറ്റുമാണ് കർണാടകയ്ക്ക് ലഭിച്ചത്.

തമിഴ്നാട്ടിൽ 3 ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകൾക്ക് അനുമതി നൽകി. പ്രതിദിനം 40,000, 35,000, 80,000 നാളികേരം സംസ്കരിക്കാൻശേഷിയുള്ള യൂണിറ്റുകളാണിവ. 30,000 കിലോഗ്രാം ചിരട്ടക്കരി സംസ്കരിക്കുവാനുള്ള ഒരു യൂണിറ്റിനും അനുമതി നൽകിയിട്ടുണ്ട്.

മഹാരാഷ്ട്രയിൽ പ്രതിദിനം 16 മെട്രിക് ടൺ സംസ്കരണ ശേഷിയുള്ള ഒരു ചിരട്ടക്കരി യൂണിറ്റിന് അനുമതി നൽകി.

മൈസൂർ സിഎഫ്ടിആർഐയിലെ ചീഫ് സയൻറിസ്റ്റ് ഡോ. കെ.എസ്.എം.എസ്. രാഘവ റാവു, കേരള സംസ്ഥാന കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ വി.വി. പുഷ്പാംഗദൻ, കർണാടക ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെൻറ് ഡയറക്ടർ കെ.ബി. ദുണ്ഡി, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം കായംകുളം മേധാവി ഡോ. വി. കൃഷ്ണകുമാർ, കൊച്ചി ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിങ് ആൻഡ് ഇൻസ്പെക്ഷനിലെ അസിസ്റ്റൻറ് അഗ്രികൾച്ചറൽ മാർക്കറ്റിങ് അഡ്വൈസർ ഡോ. അനിൽകുമാർ ആർ., ഇന്ത്യൻ ഓവർസീസ് ബാങ്ക് എറണാകുളം അഡീഷണൽ ജനറൽ മാനേജർ ജയാഫർ, നാളികേര വികസന ബോർഡ് ചീഫ് കോക്കനട്ട് ഡവലപ്പ്മെൻറ് ഓഫീസർ സുഗതഘോഷ്, ഡയറക്ടർ ഡോ.കെ. മുരളീധരൻ എന്നിവർ കമ്മിറ്റിയിൽ പങ്കെടുത്തു. നാളികേര വികസന ബോർഡ് മുൻ ചെയർമാൻ ഡോ എം. അരവിന്ദാക്ഷൻ , ബാംഗ്ലൂരിൽ നിന്നുള്ള വിജയകുമാർ എന്നിവർ വിദഗ്ധോപദേശകരായിരുന്നു.